# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4275 20.03.2018 ൽ മറുപടിയ്ക്ക്

### അന്തരീക്ഷ മലിനീകരണം കുറവുള്ള വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. എം. വിൻസെന്റ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാൻ പഴയ വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കണമെന്ന ഉദ്ദേശ്യത്തോടെയാണോ 2017-ൽ ഹരിത നികുതി ഏർപ്പെടുത്തിയത്;വിശദമാക്കുമോ; | (എ) | പഴയ വാഹനങ്ങളുടെ ഉപയോഗം മൂലമുള്ള വായു മലിനീകരണം തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യവാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഹരിത നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | മലിനീകരണം കുറയ്ക്കുന്നതിന് ഈ നടപടി എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (സി) | അന്തരീക്ഷ മലിനീകരണം കുറവുള്ള സി.എൻ.ജി./എൽ.എൻ.ജി. വാഹനങ്ങൾ നിരത്തിലിറക്കുന്ന പദ്ധതി പ്രവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി നിരവധി വാഹന കമ്പനികൾക്ക് അംഗീകാരം നൽകി. എൽ.പി.ജി./സി.എൻ.ജി. കിറ്റുകൾ കേരളത്തിലുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നടത്തുന്നതിനും ARAI, ICAT, VRDE തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ അംഗീകാരം നൽകിയ കമ്പനികൾക്കും വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വൈദ്യുതി,സൗരോർജ്ജം എന്നിവ ഇന്ധനമായുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുന്നതിന് നികുതി ഇളവ് അടക്കമുള്ള ആനുകൂല്യങ്ങൾ പരിഗണിക്കുമോ; | (ഡി) | അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500/-രൂപയിൽ നിന്ന് 450/-രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2000/- രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്. |
| (ഇ) | സ്വകാര്യ വാഹനങ്ങളിൽ സി.എൻ.ജി./എൽ.എൻ.ജി. ഇന്ധനം ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (ഇ) | സ്വകാര്യ വാഹനങ്ങളിൽ സി.എൻ.ജി./ എൻ.എൽ.ജി. ഇന്ധനം ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സി.എൻ.ജി. കിറ്റുകൾ വിപണനം നടത്തുവാനും വിൽപ്പനാനന്തര സേവനം നടത്തുവാനും അംഗീകൃത ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**